Notice for adjournment motion

Uncorrected/Not for publication
18-09-2025

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവും പണപ്പെരുപ്പവും

മി. സ്പീക്കർ: സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർധിക്കുന്നതായും രാജ്യത്ത് കൂടുതൽ പണപ്പെരുപ്പമുള്ള സംസ്ഥാനമായി കേരളം മാറിയിട്ടും സർക്കാർ യാതൊരു നടപടിയും സ്വീകരിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ പി. സി. വിഷ്ണുനാഥ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും വിജയകരമായി വിപണി ഇടപെടലുകൾ നടന്ന കാലഘട്ടമാണ് കഴിഞ്ഞനാളുകൾ. ജനങ്ങൾ അതിന്റെ പ്രയോജനം നന്നായി അനുഭവിച്ചതുമാണ്. എന്തിനാണ് പ്രതിപക്ഷം ഈ ഘട്ടത്തിൽ ഇത്തരമൊരു വിഷയം തിരഞ്ഞെടുത്തതെന്ന് അറിയില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട സർക്കാരിന്റെ പ്രവർത്തനങ്ങൾ

വിശദീകരിക്കാൻകൂടി അവസരം ലഭിക്കുന്നതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യുന്നതിന് തയ്യാറാണ്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... (.....ബഹളം.....)

ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ച നോട്ടീസിലൂടെ ഉന്നയിക്കപ്പെട്ട വിഷയത്തിന്മേൽ ചർച്ച ആകാമെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി അറിയിച്ചതിന്റെയടിസ്ഥാനത്തിൽ അതുസംബന്ധിച്ച ചട്ടം 55 അനുസരിച്ചുള്ള ഉപക്ഷേപം 12.00 മണിക്ക് ചർച്ചയ്ക്കെടുക്കുന്നതാണ്. രണ്ട് മണിക്കൂറായിരിക്കും ചർച്ച. ഏതായാലും തുടർച്ചയായി മൂന്നാം ദിവസവും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്ത സർക്കാരിനോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ചെയറിനുള്ള നന്ദി ഈ ഘട്ടത്തിൽ അറിയിക്കുകയാണ്.